സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട് കവടിയാർ.പി.ഒ തിരുവനന്തപുരം 695003, e-Mail : devaswomaccountsofficer@gmail.com

**ഡി.എ.നം. 195/25/B4** **ദേവസ്വം അക്കൗണ്ട്സ് ആഫീസ്**

**തീയതി: 13.08.2026**

# സർക്കുലർ

**വിഷയം : തിരുവിതാംകൂർ ദേവസ്വം ബോർഡിലെ GST ഇടപാടുകൾ സംബന്ധിച്ച്.**

**സൂചന : തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ 30.03.2026 ലെ ROC 700/21/അക്കൗ നമ്പർ സർക്കുലർ.**

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ഓഫീസുകൾ ഇടപാടുകാരിൽ നിന്നും സ്വരൂപിക്കുന്ന GST തുകകൾ തൊട്ടടുത്ത മാസം 5- ആം തീയതിക്കുള്ളിൽ ഒടുക്ക് വരുത്തി വിവരം ചെല്ലാനും സ്റ്റേറ്റ്മെന്റും സഹിതം ഈ ഓഫീസിനെ അറിയിക്കണമെന്ന് ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച സർക്കുലറുകളിലും ഉത്തരവുകളിലും നിർദ്ദേശിച്ചിട്ടുണ്ട്.

മുൻ സാമ്പത്തിക വർഷങ്ങളെ അപേക്ഷിച്ച് നിരവധി നടപടിക്രമങ്ങൾ നിലവിൽ GST ഫയലിങ്ങിന് നിർബന്ധമാക്കിയിട്ടുള്ളതാണെന്നും നിശ്ചിത സമയത്തിനുള്ളിൽ GST സ്റ്റേറ്റ്മെന്റുകൾ ലഭിക്കാത്തപക്ഷം നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ GSTR-1 ഫയൽ ചെയ്യാൻ സാധിക്കുന്നതല്ലായെന്നും തൽഫലമായി Input Tax Credit ഇടപാടുകാർക്ക് ലഭിക്കുന്നതിന് കാലതാമസം സൃഷ്ടിക്കപ്പെടുമെന്നും ബോർഡിന്റെ GST കാര്യങ്ങൾ നിർവ്വഹിച്ചുവരുന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനമായ മെസേഴ്സ് വിജയൻ & അസോസിയേറ്റ്സ് ഈ ഓഫീസിനെ അറിയിച്ചിട്ടുള്ളതാണ്.

അതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ഓഫീസുകൾ ഇടപാടുകാരിൽ നിന്നും സ്വരൂപിക്കുന്ന GST തുകകൾ തൊട്ടടുത്ത മാസം രണ്ടാം പ്രവൃത്തി ദിവസത്തിനുള്ളിൽ തന്നെ സൂചന സർക്കുലറിലെ ഖണ്ഡിക 26 –ന് വിധേയമായി ഒടുക്ക് വരുത്തി ചെല്ലാനും സ്റ്റേറ്റ്മെന്റും സഹിതം ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്. ഇപ്രകാരം ഒടുക്ക് വരുത്തി അറിയിക്കുമ്പോൾ പ്രസ്തുത റിപ്പോർട്ടിന്റേയും സ്റ്റേറ്റ്മെന്റിന്റേയും ചെല്ലാന്റെയും പകർപ്പ് devaswomaccountsofficer@gmail.com - എന്ന ഈ ഓഫീസിന്റെ ഔദ്യോഗിക ഇ മെയിലേക്ക് അന്നേദിവസം തന്നെ ലഭ്യമാക്കണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാത്തതുമൂലം ബോർഡിന് ഏതെങ്കിലും തരത്തിലുള്ള നിയമപരമായ പ്രതിസന്ധികളോ സാമ്പത്തിക നഷ്ടമോ ഉണ്ടാകാനിടയായാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്ത്വവും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനായിരിക്കുമെന്ന വിവരം ഒരിക്കൽ കൂടി അറിയിക്കുന്നു.

**ദേവസ്വം അക്കൗണ്ട്സ് ആഫീസർ**

**പകർപ്പ്,**

1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2) ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)

3) സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് ആന്റ് സെക്യൂരിറ്റി ആഫീസ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം).

4) ചീഫ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം).

5) ലാ ഓഫീസർ തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)

6) ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്.

7) ഫൈനാൻസ് ആന്റ് ഇൻസ്പെക്ഷൻ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്.

8) ഡയറക്ടർ, സാംസ്കാരിക പുരാവസ്തു വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്.

9) എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും

10) എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും

11) എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല

12) എല്ലാ ഗ്രൂപ്പ് അസിസ്റ്റൻറ് ദേവസ്വം കമ്മീഷണർമാർക്കും.

13) ഐ.ടി വിഭാഗം (പ്രസിദ്ധീകരണത്തിനായി)

14) സെക്ഷൻ ഫയൽ